(സി) ഓരോ ഹോസ്റ്റലിലേയും കുട്ടികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് ഹോസ്റ്റൽ തരംതിരിച്ച് വിവരം ലഭ്യമാക്കുമോ ;

(ഡി) ഹോസ്റ്റലുകളിലെ സൗകര്യവും സേവനവും വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസനവകുപ്പിന്റെ അനുബന്ധം ഒന്നായും പട്ടികജാതി വികസനവകുപ്പിന്റെ അനുബന്ധം രണ്ടായും ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരം വിവരങ്ങൾ ശേഖരിച്ചു വയ്ക്കാറില്ല.

(സി) സ്കൂൾ സൗകര്യം ലഭ്യമല്ലാത്തതും ദുർഘടപ്രദേശങ്ങളിൽ താമസിക്കുന്നതും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ കുട്ടികൾക്ക് മുൻഗണന നൽകുന്നു. തൊട്ടു മുമ്പിലത്തെ വർഷം ലഭ്യമായ മാർക്ക്, സ്വഭാവം, പ്രായം, വരുമാനം, പഠിക്കുന്ന കോഴ്സ് എന്നിവകൂടി കണക്കിലെടുത്ത് അഡ്മിഷൻ നൽകുന്നു. ഹോസ്റ്റൽ തിരിച്ച് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 98 പ്രീമെട്രിക് ഹോസ്റ്റലുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. ഈ ഹോസ്റ്റലുകളുടെ ജീവനക്കാരുടെ ഒഴികെയുള്ള മറ്റെല്ലാ ചുമതലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന ട്രൈബൽ പ്രീമെട്രിക് ഹോസ്റ്റലുകളിലും പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലും സേവനവും, സൗകര്യവും വർദ്ധിപ്പിക്കുന്നതിന് സത്വര നടപടികൾ എടുത്തിട്ടുണ്ട്.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് ഘട്ടംഘട്ടമായി സ്ഥിരം കെട്ടിടം നിർമ്മിച്ചും, വിദ്യാഭ്യാസ സൗകര്യം കുറഞ്ഞ പ്രദേശങ്ങളിലുള്ള ഹോസ്റ്റലുകൾ മെച്ചപ്പെട്ട സ്കൂളുകളുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റിയും, സ്വന്തം കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി ചെയ്തും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നുണ്ട്.

ഹരിപ്പാട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് സ്വന്തമായി കെട്ടിടം

88 (1776) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് പ്രവർത്തിക്കുന്ന അംബേദ്കർ മോഡൽ റസിഡൻഷ്യൽ സ്കൂൾ എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു ;

(ബി) സ്കൂളിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു തലത്തിലാണെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4 വർഷമായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) കെട്ടിടനിർമ്മാണത്തിനായി അടങ്കൽ തുക നിശ്ചയിച്ച് ടെൻഡർ ക്ഷണിക്കുകയും അതനുസരിച്ച് പി.ഡബ്ല്യു.ഡി. പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സിവിൽ സർവ്വീസ് പരീക്ഷയിൽ പിൻതള്ളപ്പെടുന്നതായ പരാതി

89 (1777) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് പരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പിൻതള്ളപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവ അപര്യാപ്തമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നിരുന്നാലും ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 1989-ൽ ആരംഭിച്ച ഐ.എ.എസ്. കോച്ചിംഗ് സെന്ററിൽ നിന്നും ആദ്യമായി ഈ വർഷം ഒരാൾ ഐ.എ.എസ്. എക്സാമിനേഷൻ പാസ്സായിട്ടുണ്ട്.

(ബി) ഈ വകുപ്പിൽ നിന്നും പ്രത്യേക പഠനം നടത്തിയിട്ടില്ല. സിവിൽ സർവ്വീസ് പരീക്ഷയിൽ കേരളത്തിൽ നിന്നും വിജയിക്കുന്നവരുടെ എണ്ണം പൊതുവെ കുറവാണ്. ഈ പ്രവണത പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ ഇടയിൽ മാത്രമുള്ള പ്രതിഭാസമല്ല.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഗ്രാന്റ് അനുവദിച്ച് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly